ദേശാഭിമാനി
2023 മെയ് 16 ചൊവ്വ | 1198 ഇടവം 2 | 1444 ശവ്വാൽ 25

ഡയലോഗ്

കർണാടകം നൽകുന്നത് ഒരു സന്ദേശമാണ്. ആ സംസ്ഥാനം പ്രതിപക്ഷത്തിന് വഴി കാട്ടുന്നു. കർണാടകത്തിൽ കോൺഗ്രസ് പോലുള്ള ഒറ്റക്കക്ഷിക്ക് ബിജെപിക്കെതിരെ കരുത്ത് തെളിയിക്കാൻ കഴിയുമെങ്കിൽ മറ്റ് സംസ്ഥാനങ്ങളിലും സമാന ചിന്താഗതിയുള്ള പാർടികൾ യോജിച്ച് ബിജെപിയെ പരാജയപ്പെടുത്തണം

ശരദ് പവാർ
എൻസിപി അധ്യക്ഷൻ

ചരിത്രത്തിൽ ഇന്ന്

16

1532	സർ തോമസ് മൂർ ഇംഗ്ലണ്ടിലെ ചാൻസലർ സ്ഥാനം രാജിവച്ചു
1605	പോൾ 5–ാമൻ മാർപാപ്പയായി
1717	ഫ്രഞ്ച് സാഹിത്യകാരൻ വോൾട്ടയറെ ജയിലിലടച്ചു
1948	കവി മുല്ലനേഴി ജനിച്ചു
1958	സോവിയറ്റ് യൂണിയൻ സ്പുട്നിക് 3 വിക്ഷേപിച്ചു
1975	ജപ്പാൻകാരി ജുങ്കോ താബെ എവറസ്റ്റ് കീഴടക്കി

അതെ, ഇതാണ് ബദൽ; കേരളം വീണ്ടും മാതൃക

1957ലാണ് ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരത്തിൽ വരുന്നത്. ഐക്യകേരളത്തിലെ ആദ്യ സർക്കാർ. അതേവരെ തിരു കൊച്ചിയിലും മദിരാശിയിലും ഉണ്ടായിരുന്ന കോൺഗ്രസ് സർക്കാരുകളിൽനിന്ന് വ്യത്യസ്തമായ ഒരു വികസനക്ഷേമ സമീപനം ആ സർക്കാർ മുന്നോട്ടുവച്ചു. 1957ൽ ഇ എം എസ് സർക്കാർ നിലവിൽ വരുന്നതിനു മുന്നേതന്നെ, അന്ന് കേന്ദ്രത്തിൽ അധികാരത്തിലുണ്ടായിരുന്ന നെഹ്റു സർക്കാരിന്റെ നയങ്ങളോട് യോജിപ്പും വിയോജിപ്പും പ്രകടിപ്പിച്ച് കമ്യൂണിസ്റ്റ് പാർടി ഒരു നിലപാട് പ്രഖ്യാപിച്ചു. ഈ നിലപാടിന്റെ അടിസ്ഥാനത്തിലായിരുന്നു, 28 മാസംമാത്രം അധികാരത്തിലിരുന്ന ഇ എം എസ് സർക്കാരിന്റെ ഓരോ നടപടിയും. ഫെഡറൽ തത്വങ്ങളിലൂന്നി കേരളത്തിലെ ഇടതുപക്ഷ സർക്കാരുകൾ സ്വീകരിച്ച ബദൽനയങ്ങളുടെ അടിത്തറ ഇവിടെ തുടങ്ങുന്നു. അശരണരോടുള്ള അനുകമ്പ ഈ നയത്തിന്റെ കാതൽ. വികസനം, വികേന്ദ്രീകരണം, ജനാധിപത്യം എന്നിവയെ മുൻനിർത്തി കൊച്ചു കേരളം കൈവരിച്ച എല്ലാ മാനവീയ നേട്ടങ്ങളുടെയും പിൻബലം ഈ നയമാണ്.

ഇപ്പോൾ, ഏഴുവർഷമായി എൽഡിഎഫ് ഭരണം തുടരുന്ന നമ്മുടെ നാട് ഏറ്റവും ഉജ്വലമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇടതുപക്ഷ രാഷ്ട്രീയമുയർത്തുന്ന നവാഹ്ലാദത്തിന്റെയും നാട് ഏറ്റുവാങ്ങുന്ന സമാനതകളില്ലാത്ത മാറ്റങ്ങളുടെയും കാലം. കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ മൗലികമായ പരിവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. തൊഴിലാളികളും കൃഷിക്കാരുമടക്കം എല്ലാ വിഭാഗം ജനങ്ങളുടെയും തനതായ ആവശ്യങ്ങൾ ഉൾക്കൊണ്ട് സർവതലസ്പർശിയായ സമഗ്ര വികസനത്തിലേക്കാണ് കേരളം മുന്നേറുന്നത്. എല്ലാവരുടെയും സാമൂഹ്യസുരക്ഷ, ഭക്ഷ്യസുരക്ഷ, ആരോഗ്യസുരക്ഷ, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കി നവകേരളത്തിലേക്കുള്ള പ്രയാണം. അതുകൊണ്ടുതന്നെ ഇന്ത്യയിലാകെയും ലോകത്തും കേരളം ചർച്ചയാകുന്നു, മാതൃകയാകുന്നു. എവിടെയും മുൻ നിരയിലെത്തുന്നു.

ഏഴുവർഷമായി എൽഡിഎഫ് ഭരണം തുടരുന്ന നമ്മുടെ നാട് ഏറ്റവും ഉജ്വലമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. ഇടതുപക്ഷ രാഷ്ട്രീയമുയർത്തുന്ന നവാഹ്ലാദത്തിന്റെയും നാട് ഏറ്റുവാങ്ങുന്ന സമാനതകളില്ലാത്ത മാറ്റങ്ങളുടെയും കാലം. കേരളത്തിന്റെ സാമൂഹ്യജീവിതത്തിൽ മൗലികമായ പരിവർത്തനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. തൊഴിലാളികളും കൃഷിക്കാരുമടക്കം എല്ലാ വിഭാഗം ജനങ്ങളുടെയും തനതായ ആവശ്യങ്ങൾ ഉൾക്കൊണ്ട് സർവതലസ്പർശിയായ സമഗ്ര വികസനത്തിലേക്കാണ് കേരളം മുന്നേറുന്നത്

ഈ ദിശയിൽ ഇന്ത്യക്കാകെ മാതൃകയായ ഒരു ചുവടുവയ്പാണ് തിങ്കളാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ പാലക്കാട്ട് ഉദ്ഘാടനംചെയ്ത തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്. രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും ഇങ്ങനെയൊരു ആലോചനപോലുമില്ലാത്തപ്പോഴാണ് കേരളത്തിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി യാഥാർഥ്യമായത്. വിഹിതവും തൊഴിൽദിനങ്ങളും വെട്ടിച്ചുരുക്കി കേന്ദ്രസർക്കാർ പദ്ധതിതന്നെ തകർക്കാൻ ശ്രമിക്കുമ്പോൾ കേരളം ഈ തൊഴിലാളികളെ ചേർത്തുപിടിച്ച് കൈത്താങ്ങേകുകയാണ്.

പെൻഷൻ, വിവാഹധനസഹായം, പഠനസഹായം, ചികിത്സാ സഹായം എന്നിവയടക്കം തൊഴിലാളികളുടെയും അവരുടെ കുടുംബത്തിന്റെയും ക്ഷേമം പദ്ധതി ഉറപ്പുവരുത്തുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും ഭാഗമായ സംസ്ഥാനത്തെ 15 ലക്ഷത്തോളം കുടുംബങ്ങൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കും.

സ്വന്തം ഭൂമിയുടെ അവകാശരേഖയ്ക്കായി, പതിറ്റാണ്ടുകളായി കാത്തിരുന്ന 67,069 കുടുംബത്തിന് കഴിഞ്ഞ ദിവസം പട്ടയം നൽകിയത് മറ്റൊരു ചരിത്രമുഹൂർത്തമായി. ഞായറാഴ്ച തൃശൂരിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രിയുടെ കൈയിൽനിന്ന് പട്ടയം ഏറ്റുവാങ്ങുമ്പോൾ എളനാട്ടെ ഐസു ഉമ്മയുടെ മുഖത്തു വിടർന്ന ചിരി ഒരു സ്വപ്നത്തിന്റെ സഫലനിമിഷമായിരുന്നു. 42 വർഷമായി ആ ഉമ്മ സ്വന്തം മണ്ണിന്റെ അവകാശരേഖയ്ക്കായി അലയുകയായിരുന്നു. അങ്ങനെ എത്രയോ പേർ. ഈവർഷം 40,000 പട്ടയമാണ് സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ 67,069 എണ്ണം ഇതിനകം വിതരണംചെയ്തു. ഏഴു വർഷത്തിനകം പിണറായി സർക്കാർ 2,98,615 കുടുംബത്തിന് പട്ടയം നൽകി.

നമ്മുടെ റേഷൻ കടകളുടെ മുഖച്ഛായ മാറ്റുന്ന, പൊതുവിതരണ സംവിധാനത്തെ കാലാനുസൃതമായി നവീകരിക്കുന്ന കെ സ്റ്റോർ (കേരള സ്റ്റോർ) പദ്ധതിയെക്കുറിച്ചും ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതുണ്ട്. റേഷൻ കടകളുടെ വൈവിധ്യവൽക്കരണമാണ് കെ സ്റ്റോർ പദ്ധതി. ആദ്യഘട്ടത്തിൽ 108 കെ സ്റ്റോർ നിലവിൽ വരികയാണ്. സപ്ലൈകോ, ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, പതിനായിരം രൂപവരെ പണമിടപാടുകൾക്ക് സൗകര്യം, പൊതുജന സേവന കേന്ദ്രങ്ങൾ, മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽപിജി സിലിണ്ടറുകൾ എന്നിവ കെ സ്റ്റോറിലുണ്ടാകും. അതെ, എല്ലാ രംഗത്തും രാജ്യത്തിനാകെ പ്രതീക്ഷയും പ്രകാശവുമായി കേരളം മാറുന്നു.

ഇന്ത്യയുടെ തയ്‌വാനാകാൻ വ്യവസായ കേരളം

സി ബാലഗോപാൽ

സംസ്ഥാനത്തിന് ശുഭപ്രതീക്ഷ നൽകുന്നതാണ് ഈ കണക്കുകൾ. കൂടാതെ, ഉൽപ്പാദനമേഖലയുടെ വളർച്ചയെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്താനുമുള്ള പൊതുനയ നിർദേശങ്ങളുമുണ്ട്. ഇന്ത്യയുടെ തയ്‌വാനായി മാറാൻ കേരളത്തിനുള്ള സാധ്യതകളെ തിരിച്ചറിയാൻ നയപരമായ രംഗത്ത് ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്

തൊഴിലാളി സംഘടനകളുടെ ഇടപെടലുകൾ തൊഴിൽ പ്രശ്നങ്ങളിലേക്കും വ്യവസായശാലകൾ അടച്ചുപൂട്ടിക്കുന്ന തർക്കങ്ങളിലേക്കും നയിക്കുമെന്നും തൊഴിലാളികളുടെ ഉയർന്ന വേതനം വ്യവസായങ്ങൾ പുറത്തേക്ക് പോകാൻ ഇടയാക്കുമെന്നുമുള്ള അശാന്തിപൂർണമായ കഥകളിൽ കുടുങ്ങിക്കിടക്കുകയാണ് കേരളത്തിലെ വ്യവസായ മേഖലയെക്കുറിച്ചുള്ള പൊതുധാരണ. ഇക്കാര്യങ്ങളിൽ കണക്കുകൾ പറയുന്നതെന്തെന്ന് പരിശോധിക്കാനുള്ള ശ്രമമാണ് ഇവിടെ നടത്തുന്നത്.

സ്വാതന്ത്ര്യാനന്തരം ആദ്യ 30 വർഷം കേരളത്തിലെ വ്യവസായമേഖല പ്രധാനമായും കയർ, കശുവണ്ടി, സുഗന്ധവ്യഞ്ജനം, കൊപ്ര തുടങ്ങിയ കാർഷിക വ്യവസായങ്ങളിലായിരുന്നു കേരളത്തിന്റെ ശ്രദ്ധ. ഇക്കാലഘട്ടത്തിൽ കേരളത്തിലെ കാർഷിക വ്യവസായ മേഖല വളർച്ച പ്രാപിക്കുകയും ഉൽപ്പാദനത്തിൽ ആധിപത്യമുറപ്പിക്കുകയും ചെയ്തു. വിദേശ രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് മുന്നോടിയായുള്ള അസംസ്കൃത വസ്തുക്കളുടെ പ്രാഥമിക സംസ്കരണത്തിലായിരുന്നു ഭൂരിഭാഗവും കേന്ദ്രീകരിച്ചത്.

കുറഞ്ഞ വൈദ്യുതി നിരക്ക് പ്രയോജനപ്പെടുത്തി ആധുനിക വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരാനും ഇക്കാലത്ത് ശ്രമമുണ്ടായി. അതിന്റെ ഭാഗമായി വൈദ്യുതി കേന്ദ്രീകൃത വ്യവസായങ്ങൾ കേരളത്തിലെത്തി. കൊച്ചിയിലെ രാസവ്യവസായ മേഖലയിലേക്കും കഞ്ചിക്കോടേയ്ക്കും നിരവധി ഇടത്തരം ഫാക്ടറികളെ ആകർഷിക്കാനായി. അസംസ്കൃത വനവിഭവങ്ങളുടെ വിലനിർണയത്തിലെ ഉദാരമായ ഇളവുകളാണ് മറ്റ് വ്യവസായങ്ങൾക്ക് പ്രചോദനമായത്.

എൺപതുകളുടെ അവസാനത്തോടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിദഗ്ധ തൊഴിലാളികളുടെ കുടിയേറ്റമാരംഭിച്ചു. വൈകാതെ അത് വലിയൊരു ഒഴുക്കായി മാറി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകം പൂർത്തിയാകുമ്പോൾ ഗൾഫിൽനിന്നുള്ള പ്രതിവർഷ വരുമാനം 75,000 കോടിയായി ഉയർന്നു. ഗൾഫ് രാജ്യങ്ങളിൽനിന്നുള്ള പണത്തിന്റെ വരവു കൂടിയതോടെ കേരളത്തിലെ തൊഴിൽവേതനം മുമ്പുണ്ടായിരുന്നതിനേക്കാളും അധികരിക്കാനും അയൽസംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന കൂലി ലഭിക്കാൻ സാഹചര്യമുണ്ടാക്കുകയും ചെയ്തു. കൂലി വർധിച്ചു തുടങ്ങിയത് സംസ്ഥാനത്തെ വ്യാവസായികമേഖലയെ പ്രതികൂലമായി ബാധിച്ചെന്നു പറയാം. പരമ്പരാഗത ഉൽപ്പാദനമേഖലയും ഇവിടേയ്ക്കെത്തിയ വൈദ്യുതി കേന്ദ്രീകൃത വ്യവസായങ്ങളും സംസ്ഥാനത്തിനു പുറത്തേക്ക് നീങ്ങാൻ ഇത് കാരണമായി. കുറഞ്ഞ ഉൽപ്പാദനക്ഷമതയും കാലഹരണപ്പെട്ട സാങ്കേതികവിദ്യയും കായികരീതികൾ അവലംബിച്ചുള്ള ഉൽപ്പാദന രീതിയുമാണ് വ്യവസായങ്ങളെ ഇവിടെനിന്ന് അകറ്റിയത്.

തൊണ്ണൂറുകളിൽ വ്യവസായ മേഖലയിലുണ്ടായ കീഴ്പോട്ടുള്ള വളർച്ച കേരളം വ്യവസായ സൗഹൃദമല്ലെന്ന പൊതുധാരണയിലേക്ക് നയിച്ചു. സംസ്ഥാനത്തെ വ്യാവസായിക മേഖലയുടെ ഉൽപ്പാദനക്ഷമതയെയും തൊഴിലവസരങ്ങളെയും ഇതു ബാധിച്ചു. കേരളത്തെ താങ്ങിനിർത്തുന്നത് വിദേശമലയാളികൾ അയക്കുന്ന പണമാണെന്ന പ്രചാരണം ഉയർന്നുവന്നതും ഈ ഘട്ടത്തിലാണ്. ഈ പ്രചാരണം കേരളത്തിലെ വ്യവസായവളർച്ചയെ ദോഷകരമായി ബാധിക്കുകയും ഇവിടം ആധുനിക വ്യവസായങ്ങൾക്ക് ചേർന്നതല്ലെന്ന ധാരണയുണ്ടാക്കുകയും ചെയ്തു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം എന്നിവയുടെ പൊതുവിതരണത്തിൽ കേരളം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെ വിമർശിക്കാനും ഈ ധാരണയെ ഉപയോഗപ്പെടുത്തി. ഒരു കണക്കിന്റെയും അടിസ്ഥാനമില്ലാതെയായിരുന്നു ഈ വിമർശങ്ങൾ. കേരളത്തിന്റെ മാനവ വികസന സൂചിക വികസിത രാജ്യങ്ങൾക്കൊപ്പമെത്തിയെന്നും മറ്റ് സംസ്ഥാനങ്ങൾ അതിൽ എത്രയോ പിന്നിലായെന്ന കാര്യവും ഇവിടെ വിസ്മരിക്കപ്പെട്ടു. പല നിരീക്ഷകരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും കഴിഞ്ഞ മൂന്നു പതിറ്റാണ്ടായി കേരളത്തിൽ ഒരു ആധുനിക ഉൽപ്പാദനമേഖല ക്രമാനുഗതമായി വളർന്നുവരുന്നുണ്ട്.

സമീപകാലത്ത് ഞാനെഴുതിയ ‘ബിലോ ദ റഡാർ: ഹൗ മോഡേൺ മാനുഫാക്ചറിങ് ഗ്രോത്ത് ബൈ സ്റ്റെൽത്ത് ഇൻ കേരള’ എന്ന പുസ്തകത്തിൽ പറയുന്നതുപോലെ കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ കേരളത്തിൽ ആരംഭിച്ച നിരവധി സംരംഭങ്ങൾ വലിയൊരു പരിധിവരെ വളർന്ന് ആധുനിക നിർമാണമേഖലയുടെ ഭാഗമായിത്തീർന്നിരിക്കുന്നു. ആധുനിക നിർമാണ സാങ്കേതികവിദ്യയുടെ ഉപയോഗവും ഉയർന്ന മൂല്യവർധനയും അസംസ്കൃത വസ്തുക്കളും ഘടകങ്ങളും വിദൂര സ്രോതസ്സുകളിൽനിന്ന് ശേഖരിക്കാനും മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനും ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേക്കും വിദേശത്തേക്കും കയറ്റുമതി ചെയ്യാനുമാകുന്നു എന്നതാണ് ഈ മേഖലയുടെ സവിശേഷത.

കേരളത്തിലെ നൂറോളം ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്ന നിർവചനത്തിനുമപ്പുറം വളർന്നിരിക്കുന്നു. ഇത്തരം ചെറുകിട ഇടത്തരം സംരംഭങ്ങളാണ് കേരളത്തിന്റെ വാണിജ്യ പരിതഃസ്ഥിതിക്ക് അനുയോജ്യം. ചെറിയ യൂണിറ്റുകളാണെന്നതും വെള്ളം, ഭൂമി, വൈദ്യുതി തുടങ്ങിയവയുടെ കുറഞ്ഞ ഉപയോഗവും ചെറിയ മൂലധനവുമാണെങ്കിലും നിരവധി വിദഗ്ധ തൊഴിലാളികൾക്കും സാങ്കേതിക വിദഗ്ധർക്കും ഉയർന്ന വേതനം ഉറപ്പാക്കാൻ ഈ സംരംഭങ്ങൾക്കാകുന്നുണ്ട്. കേരളത്തിന് അനിവാര്യമായ വിജ്ഞാനാധിഷ്ഠിതമായ വ്യവസായമാണിത്. സിന്തൈറ്റ്, ടെറുമോ പെൻപോൾ, അഗാപ്പെ ഡയഗ്നോസ്റ്റിക്സ്, ഡെന്റ്കെയർ, പീക്കേ സ്റ്റീൽ കാസ്റ്റിങ്സ്, എസ്എഫ്ഒ ടെക്നോളജീസ്, വജ്ര റബർ, ബിപിഎൽ മെഡിക്കൽ ടെക്നോളജീസ്, കെയറോൺ ഹെൽത്ത്കെയർ, പ്ലാന്റ് ലിപിഡ്സ്, സൈജെനോം, ആക്ടീവ് ചർ, അമൽഗാം ഗ്രൂപ്പ്, കൊച്ചിൻ റുട്ടീൽ, ഡൈനാമിക് ടെക്നോ മെഡിക്കൽസ് തുടങ്ങിയവയെല്ലാം ഇടത്തരം ചെറുകിട സംരംഭങ്ങൾക്ക് ഉദാഹരണമാണ്. കൊച്ചിൻ ഷിപ്‌യാർഡ്, എച്ച്ഒസി ലിമിറ്റഡ്, എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കെഎംഎംഎൽ എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ വേറിട്ടുനിൽക്കുന്നവയാണ്.

വിവിധ മേഖലകളിലെ ആകെയുള്ള സാമ്പത്തിക ഉൽപ്പാദനത്തെക്കുറിച്ചുള്ള വിവരങ്ങൾ എളുപ്പത്തിൽ പരിശോധിക്കാനാകില്ലെങ്കിലും സംസ്ഥാന ആസൂത്രണ ബോർഡും വിക്കിപീഡിയയും നൽകിയ കണക്കുകൾ പരിശോധിച്ചാൽ, ഇന്നത്തെ ഉൽപന്ന നിർമാണ (മാനുഫാക്ചറിങ്) വ്യവസായ മേഖലയിലെ ഉൽപാദനം ജി എസ് ഡി പി(മൊത്തം സംസ്ഥാന ആഭ്യന്തരോൽപാദനം) യുടെ പത്തു ശതമാനം വരും. (മറ്റുചില പഠനങ്ങൾ ഇത് 13 ശതമാനമാണെന്നാണ് വിലയിരുത്തുന്നത്). വിക്കിപീഡിയയുടെ കണക്ക് ശരിവച്ചാൽ 2022ൽ ഏതാണ്ട് 14200 കോടി ഡോളറായിരുന്നു ജിഎസ്ഡിപി. 1990ൽ ഇത് ഏകദേശം 3000 കോടി ഡോളറായിരുന്നു. 1990കളിൽ ഉല്പന്ന വ്യവസായ ഉൽപാദനം ജി എസ് ഡി പി യുടെ ഒമ്പതു ശതമാനമായി. കശുവണ്ടി, കയർ, സമുദ്രോൽപ്പന്നങ്ങൾ, മറ്റ് അടിസ്ഥാന സംസ്കരണ മേഖലകൾ എന്നിവയായിരുന്നു ഇതിലുൾപ്പെട്ടത്. ഉൽപ്പാദനത്തിന്റെ മൂല്യം 300 കോടി ഡോളറാണ് . ഇന്നത്തെ ജിഎസ്ഡിപിയുടെ ഏകദേശം 10 ശതമാനം ഉൽപ്പാദനമേഖലയാണെന്ന് കണക്കാക്കപ്പെടുന്നു. പഠനം നടന്ന കാലയളവിലെ പണപ്പെരുപ്പം കുറച്ചുകണ്ടാലും യഥാർഥത്തിൽ വ്യാവസായിക ഉൽപ്പാദനത്തിൽ ഗണ്യമായ വളർച്ചയുണ്ടായെന്നാണ് കണക്കുകൾ പറയുന്നത്.

സംസ്ഥാനത്തിന് ശുഭപ്രതീക്ഷ നൽകുന്നതാണ് ഈ കണക്കുകൾ. കൂടാതെ, ഉൽപ്പാദനമേഖലയുടെ വളർച്ചയെ പിന്തുണയ്ക്കാനും ശക്തിപ്പെടുത്താനുമുള്ള പൊതുനയ നിർദേശങ്ങളെയും സൂചിപ്പിക്കുന്നു. ഇന്ത്യയുടെ തയ്‌വാനായി മാറാൻ കേരളത്തിനുള്ള സാധ്യതകളെ തിരിച്ചറിയാൻ നയപരമായ രംഗത്ത് ഇനിയും കൂടുതൽ കാര്യങ്ങൾ ചെയ്യാനുണ്ട്.

(ടെറുമോ പെൻപോൾ ലിമിറ്റഡ് സ്ഥാപകനും മുൻ എംഡിയുമാണ് ലേഖകൻ)

വികസനോത്സവം 2023

മുന്നേറ്റങ്ങൾക്ക് കരുത്തേകാൻ

കെ രാധാകൃഷ്ണൻ
പട്ടികവിഭാഗ–പിന്നാക്ക ക്ഷേമമന്ത്രി

വിദ്യാഭ്യാസ പുരോഗതി, ആരോഗ്യസംരക്ഷണം, തൊഴിൽ സാധ്യത വർധിപ്പിക്കൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭൂമിയും ഭവനവും ഉറപ്പാക്കൽ എന്നിങ്ങനെ എല്ലാ മേഖലകളിലും പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ പ്രാതിനിധ്യം ഉറപ്പാക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കൊപ്പം സുസ്ഥിരമായ മുന്നേറ്റങ്ങൾക്ക് വികസനോത്സവവും കരുത്തേകും

കേരളത്തിലെമ്പാടും കുട്ടികളുടെയും യുവജനങ്ങളുടെയും കൂട്ടായ്മകളുടെ പുനരുജ്ജീവനമാകുകയാണ് ‘വികസനോത്സവം 2023’. പട്ടികജാതി, പട്ടികവർഗ വികസന വകുപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണത്തോടെയാണ് വേനലവധിക്കാലത്ത് വികസനോത്സവം സംഘടിപ്പിക്കുന്നത്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, മാലിന്യമുക്ത കേരളം, കലാകായിക വൈജ്ഞാനിക വികസനം എന്നീ ലക്ഷ്യങ്ങളിലേക്ക് പുതുതലമുറയെ ആകർഷിച്ച് സാമൂഹ്യ പുരോഗതിയുടെ കാവൽഭടന്മാരാക്കി മാറ്റുകയാണ് വികസനോത്സവങ്ങളുടെ മുഖ്യലക്ഷ്യം.

കേരളത്തിന്റെ സാമൂഹ്യമുന്നേറ്റത്തിന്, ഗ്രാമങ്ങളിൽ രൂപംകൊണ്ട പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ജാതി മത രാഷ്ട്രീയ വ്യത്യാസങ്ങളില്ലാതെ എല്ലാ ജനവിഭാഗങ്ങളും പൂർണ മനസ്സോടുകൂടി ഇടപെട്ടുകൊണ്ടിരുന്ന ഇത്തരം സൗഹൃദ കൂട്ടായ്മകൾ ‘പല തുള്ളി പെരുവെള്ളം’ എന്ന നിലയിൽ കേരളത്തിന്റെ ചരിത്രം മാറ്റിവരയ്ക്കാൻ നിർണായകമായ തോതിൽ സംഭാവന നൽകി. ഇടക്കാലത്ത് നമുക്ക് കൈമോശം വന്നുപോയ ഇത്തരം കൂട്ടായ്മകളാണ് ഒരർഥത്തിൽ വികസനോത്സവം വഴി പുനരുജ്ജീവിക്കുന്നത്. സമ്പൂർണ സാക്ഷരതയും ജനകീയാസൂത്രണവുമെല്ലാം ഇത്തരം കൂട്ടായ്മകളുടെ ഉൽപ്പന്നങ്ങൾകൂടിയാണ്.

ഒരു ജനവിഭാഗത്തെ വിവിധ ക്ഷേമവികസന പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനൊപ്പം, അവർക്ക് സാമൂഹ്യ സാംസ്കാരിക വൈജ്ഞാനിക മേഖലകളിൽക്കൂടി ആവശ്യമായ പിന്തുണ നൽകി പൊതുസമൂഹത്തിന്റെ മുൻപന്തിയിലെത്തുന്നതിനുള്ള ആത്മവിശ്വാസം വിദ്യാർഥികളിലും മുതിർന്നവരിലും ഒരുപോലെ സൃഷ്ടിച്ചെടുക്കുന്നതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ ആവിഷ്കരിച്ച വികസനോത്സവത്തിന്റെ ലക്ഷ്യങ്ങളാണ്.

കലാകായിക പരിപാടികൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ, ഡോക്യുമെന്ററി പ്രദർശനം, ശുചീകരണം, മെഡിക്കൽ ക്യാമ്പുകൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന നിരവധി പരിപാടികളാണ് വികസനോത്സവത്തിന്റെ ഭാഗമായി കേരളത്തിലെമ്പാടും സംഘടിപ്പിക്കുന്നത്.

ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ഇതിനുപുറമെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മത്സരപരീക്ഷാ പരിശീലനം, കലാകായിക സാഹിത്യ സാംസ്കാരിക പരിപാടികൾ, സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വികസനപരിപാടികളുടെ പ്രദർശനം, ചികിത്സാ ക്യാമ്പുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, സിനിമ നാടക പ്രദർശനം, സെമിനാറുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, കുട്ടികൾക്കായി പാഠ്യപാഠ്യേതര വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള മത്സരങ്ങൾ, പ്രതിഭാശാലികളായ വിദ്യാർഥികളെയും വയോജനങ്ങളെയും ആദരിക്കൽ, പാഠശാലകളിൽനിന്നുള്ള വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയും സേവ് ക്ലബ്ബിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്.

നവകേരള നിർമിതിക്കാവശ്യമായ വികസന നയങ്ങളാണ് രണ്ടാം പിണറായി സർക്കാരിനെ മുന്നോട്ടു നയിക്കുന്നത്. പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ ജനസമൂഹത്തെ പൊതുസമൂഹത്തിനൊപ്പം ഉയർത്തിക്കൊണ്ടുവരുന്ന പ്രവർത്തനങ്ങൾക്കും സർക്കാർ ഏറെ മുൻഗണന നൽകിവരുന്നു.

വിദ്യാഭ്യാസ പുരോഗതി, ആരോഗ്യസംരക്ഷണം, തൊഴിൽ സാധ്യത വർധിപ്പിക്കൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഭൂമിയും ഭവനവും ഉറപ്പാക്കൽ എന്നിങ്ങനെ എല്ലാ മേഖലകളിലും പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗ പ്രാതിനിധ്യം ഉറപ്പാക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഈ പ്രവർത്തനങ്ങൾക്കൊപ്പം സുസ്ഥിരമായ മുന്നേറ്റങ്ങൾക്ക് വികസനോത്സവവും കരുത്തേകും.

സിനിമയിലെ കാവി അജൻഡ

കെ എ നിധിൻ നാഥ്

സംഘപരിവാറിന് ഇഷ്ടമില്ലാത്ത സിനിമകൾക്കെതിരെ നീക്കം നടത്തുന്ന അതേ ഘട്ടത്തിൽ ഹിന്ദുത്വ ദേശീയതയിൽ ഊന്നുന്ന സിനിമകൾ വ്യാപകമായി നിർമിക്കപ്പെടാൻ തുടങ്ങി. മണികർണിക, പാനിപ്പട്ട്, കേസരി, തൻഹാജി, സാമ്രാട്ട് പ്രിഥ്വിരാജ് തുടങ്ങിയ ചിത്രങ്ങളിലൂടെ ബോളിവുഡിലായിരുന്നു തുടക്കം

കേരളത്തിനെതിരെ സംഘപരിവാർ മുന്നോട്ടു വയ്ക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയ തുടർച്ചയാണ് ‘ദ കേരള സ്റ്റോറി’. ആളുകളെ ഏറ്റവും എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുന്ന കലയെന്ന നിലയിൽ സിനിമയെ രാഷ്ട്രീയ ആയുധമാക്കാറുണ്ട്. ഹിറ്റ്ലർ അടക്കമുള്ളവർ ഇത് ഉപയോഗിച്ചിട്ടുണ്ട്. ഈ ശൈലിയുടെ ചുവടുപിടിച്ച് സംഘപരിവാർ നടത്തുന്ന അജൻഡയുടെ ഭാഗമായാണ് സുദീപ്തോ സെൻ കേരള സ്റ്റോറി ഒരുക്കിയത്. സിനിമയിൽ സംഘപരിവാർ നടത്തുന്ന ഇടപെടലുകളുടെ തുടർച്ചയാണിത്. 2014ൽ ബിജെപി അധികാരത്തിൽ വന്നതിനു പിന്നാലെ സിനിമയുമായി ബന്ധപ്പെട്ട സകല ഇടങ്ങളും തങ്ങൾക്കെതിരെ ശബ്ദിക്കില്ലെന്ന് ഉറപ്പാക്കാനുള്ള നീക്കങ്ങൾ തുടങ്ങി. ആമീർ ഖാൻ നായകനായ പികെ പ്രദർശിപ്പിച്ച തിയറ്ററുകൾ സംഘപരിവാർ ആക്രമിച്ചു. എന്നാൽ, ജനാധിപത്യസമൂഹം പികെയെ പിന്തുണച്ചു. തുടർന്നാണ് അധികാരം ഉപയോഗിച്ചുള്ള നീക്കങ്ങളിലേക്ക് കടന്നത്.

2014ൽ തെരഞ്ഞെടുപ്പിന് മുന്നോടിയായി ‘ഹർ ഹർ മോദി, ഘർ ഘർ മോദി’ എന്ന വീഡിയോ ഒരുക്കിയ മോദി ഭക്തനായ പഹ്ലാജ് നിഹലാനിയെ സെൻസർ ബോർഡ് തലവനായി നിയമിച്ചായിരുന്നു തുടക്കം. ഇതോടെ തങ്ങളുടെ നിലപാടിനോട് ചേർന്നു പോകാത്ത സിനിമാ ഉള്ളടക്കങ്ങളിൽ ഇടപെടലുകൾ രൂക്ഷമായി. ഉട്താ പഞ്ചാബിനെതിരെയായിരുന്നു ആദ്യ നീക്കം. 94 ഇടത്താണ് സെൻസറിങ് നിർദേശിച്ചത്. കോടതി വിധിയുമായാണ് സിനിമ തിയറ്ററിലെത്തിയത്. 2015 ജൂണിൽ പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനായി ബിജെപിക്കാരൻ ഗജേന്ദ്രചൗഹാനെ നിയമിച്ചു. സെൻസറിങ്ങിലെ അനാവശ്യ ഇടപെടലിനെതിരെ വ്യാപക പരാതിയുയർന്നപ്പോൾ സെൻസർ ബോർഡിന്റെ നടപടികളിൽ പരാതി ഉന്നയിക്കാനുള്ള ഫിലിം സർട്ടിഫിക്കറ്റ് അപ്പീൽ ട്രിബ്യൂണൽ കേന്ദ്രം നിർത്തലാക്കി. തുടർന്ന് പ്രധാനമന്ത്രി, പ്രധാനമന്ത്രിയുടെ ഓഫീസ്, ബീഫ് തുടങ്ങിയ വാക്കുകൾ വ്യാപകമായി ഒഴിവാക്കാൻ നിർദേശിച്ചു. പത്താനിൽ ദീപിക പദുകോൺ ധരിച്ച കാവി വസ്ത്രംവരെ സെൻസർ ചെയ്യപ്പെട്ടു.

ഇത്തരത്തിൽ സംഘപരിവാറിന് ഇഷ്ടമില്ലാത്ത സിനിമകൾക്കെതിരെ നീക്കം നടത്തുന്ന അതേ ഘട്ടത്തിൽ ഹിന്ദുത്വ ദേശീയതയിൽ ഊന്നുന്ന സിനിമകൾ വ്യാപകമായി നിർമിക്കപ്പെടാൻ തുടങ്ങി. മണികർണിക, പാനിപ്പട്ട്, കേസരി, തൻഹാജി, സാമ്രാട്ട് പ്രിഥ്വിരാജ് തുടങ്ങിയ ചിത്രങ്ങളിലൂടെ ബോളിവുഡിലായിരുന്നു തുടക്കം. 2019ൽ രാജ്യം തെരഞ്ഞെടുപ്പിനെ നേരിടാൻ ഒരുങ്ങുമ്പോൾ ‘ഉറി: ദ സർജിക്കൽ സ്ട്രൈക്ക്’ എന്ന മോദി വാഴ്ത്തുപാട്ട് സിനിമാ പ്രദർശനത്തിന് എത്തി. ഉറിയടക്കമുള്ളവയെ കേന്ദ്ര സർക്കാർ അവാർഡ് നൽകിയാണ് പിന്തുണച്ചത്. ബോളിവുഡിലെ നീക്കം പ്രാദേശിക സിനിമകളിലേക്കും വളർന്നു. തെലുങ്കിൽ രാജമൗലി ബാഹുബലികളും ആർആർആറും ഒരുക്കി. കന്നടയിൽ റിഷബ് ഷെട്ടിയുടെ കാന്താര വന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പൊരുതുന്ന രണ്ടു പേരുടെ കഥയാണ് ആർആർആർ. എന്നാൽ, നിർണായക ഘട്ടത്തിൽ ബ്രിട്ടീഷുകാരെ നേരിടുന്ന നായകൻ രക്ഷകനായി അവതരിക്കുന്നത് കാവിധരിച്ച് രാമവേഷത്തിലാണ്. സംഘപരിവാർ രാമരാജ്യ മുദ്രാവാക്യം ഉയർത്തുന്ന ഘട്ടത്തിൽ ഈ അടയാളങ്ങൾ നിഷ്കളങ്കമല്ല. ബിജെപിയുടെ രാമജന്മഭൂമി രാഷ്ട്രീയത്തിന് ദൂരദർശൻ സംപ്രേഷണംചെയ്ത മഹാഭാരതം നൽകിയ ഊർജം ചരിത്രത്തിലുണ്ട്. മതനിരപേക്ഷമായി ഇന്ത്യൻ സിനിമ നിലനിൽക്കില്ലെന്ന സൂചനയാണ് ബാഹുബലികൾ സൃഷ്ടിക്കുന്നത്. രാജഭരണവും ബ്രാഹ്മണാധിപത്യവും വാഴ്ത്തുന്നവ നിരന്തരം സൃഷ്ടിക്കപ്പെടുകയാണ്. ആർഎസ്എസ് 100 വർഷത്തിലേക്ക് എത്തുന്ന ഘട്ടത്തിലാണ് സംഘടനയെക്കുറിച്ച് സിനിമയൊരുക്കുന്നതിനെപ്പറ്റി രാജമൗലി ചിന്തിക്കുന്നത്. അച്ഛൻ വിജേന്ദ്ര പ്രസാദ് എഴുതിയ തിരക്കഥ വായിച്ച് കരഞ്ഞുപോയെന്നാണ് രാജമൗലി പറഞ്ഞത്. ബാഹുബലിയുടെ കഥയും ആർആർആറിന്റെ തിരക്കഥയും വിജേന്ദ്രയുടേതായിരുന്നു. കാന്താരയിലെ തെയ്യമെന്ന കീഴാളകലയെ ഹിന്ദുത്വവൽക്കരിക്കാനുള്ള സംഘപരിവാർ നീക്കത്തിന് ബലമേകുന്നതായിരുന്നു റിഷബ് ഷെട്ടിയുടെ പരാമർശം. കാന്താരയിൽ കാണിക്കുന്ന ഭൂതക്കോലമായ പഞ്ചുർളി ഹിന്ദുത്വത്തിന്റെ ഭാഗമാണെന്നാണ് റിഷബ് പറഞ്ഞത്.

അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമായ കന്നട സിനിമയായിരുന്നു നടേശ് ഹെഡ്ഗെ സംവിധാനംചെയ്ത പെഡ്രോ. ബുസാൻ മേളയിൽ പ്രദർശിപ്പിച്ച ചിത്രം സംഘപരിവാർ ഇടപെടലിനെത്തുടർന്ന് കർണാടക ചലച്ചിത്ര അക്കാദമി ബംഗളൂരു മേളയിൽ ഒഴിവാക്കി. പശുവിനെ കൊല്ലുന്ന രംഗമുണ്ടെന്നായിരുന്നു കാരണം പറഞ്ഞത്. ഗോവൻ മേളയിലും അവഗണിക്കപ്പെട്ടു. ഈ ഘട്ടത്തിൽത്തന്നെയാണ് സംഘപരിവാറിന്റെ അജൻഡ നിർമിതിയായ ‘ദ കശ്മീർ ഫയൽസ്’ ഗോവയിൽ അന്താരാഷ്ട്ര മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചത്. കശ്മീർ മുസ്ലിങ്ങൾ പാകിസ്ഥാൻ അനുകൂലികളാണെന്ന ആഖ്യാനം സൃഷ്ടിക്കുന്ന സിനിമയ്ക്കെതിരെ മേളയുടെ ജൂറി ചെയർമാൻ നദാവ് ലാപിഡ് രംഗത്തു വന്നു.

തങ്ങൾ രാജ്യസ്നേഹികളാണെന്ന് ഭരണകൂടത്തിനു മുന്നിൽ തെളിയിക്കേണ്ടി വരുന്ന കശ്മീരിലെ മുസ്ലിങ്ങളുടെ ജീവിതമാണ് പ്രഭാഷ് ചന്ദ്ര ഒരുക്കിയ ‘ഐ ആം നോട്ട് റിവർ ഝലം’. കശ്മീരിൽ സിനിമ ചിത്രീകരിക്കുമ്പോൾ രഹസ്യാന്വേഷണ ഏജൻസികളുടെ നിരീക്ഷണത്തിലായിരുന്നുവെന്നാണ് സംവിധായകൻ പ്രഭാഷ് ചന്ദ്ര പറഞ്ഞത്. ഗുജറാത്ത് കലാപത്തെക്കുറിച്ചുള്ള ബിബിസി ഡോക്യുമെന്ററി വിലക്കിയ ബിജെപി സർക്കാർ കശ്മീർ ഫയൽസിനെയും കേരള സ്റ്റോറിയെയും പിന്തുണയ്ക്കുകയാണ്. ഇവയുടെ പ്രചാരകരായി ബിജെപി രംഗത്തെത്തി.

കേരളത്തിൽ 32,000 സ്ത്രീകളെ മതംമാറ്റി മുസ്ലിമാക്കി അഫ്ഗാനിസ്ഥാൻ, ഇറാഖ്, സിറിയ എന്നിവിടങ്ങളിലേക്ക് കടത്തി ഐഎസിൽ ചേർത്തുവെന്ന സംഘപരിവാർ പ്രചാരണമാണ് കേരള സ്റ്റോറി. ഈ വിവരത്തിന്റെ അടിസ്ഥാനം നിയമസഭയിൽ അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നൽകിയ കണക്കാണെന്നാണ് സുദീപ്തോ പറഞ്ഞത്. അങ്ങനെയൊരു രേഖയേ ഇല്ല. 2018ൽ ഇറങ്ങിയ സുദീപ്തോയുടെ ഡോക്യുമെന്ററി ‘ഇൻ ദ നെയിം ഓഫ് ലൗ’ ‘ലൗജിഹാദി’നെക്കുറിച്ചായിരുന്നു. എന്നാൽ, ലൗജിഹാദ് ഇല്ലെന്നാണ് കേന്ദ്ര ആഭ്യന്തര സഹമന്ത്രി ജി കിഷൻ റെഡ്ഡി 2020 ഫെബ്രുവരിയിൽ പാർലമെന്റിൽ പറഞ്ഞത്. രാജ്യത്ത് ലൗജിഹാദ് എന്ന പ്രചാരണത്തിന് തുടക്കമിട്ടത് 2009 ഒക്ടോബർ അഞ്ചിന് ‘പ്രണയക്കുരുക്കുമായി റോമിയോ ജിഹാദുകൾ’ എന്ന പേരിൽ ഒരു മലയാളം പത്രം പ്രസിദ്ധീകരിച്ച വാർത്തയാണ്. തുടർന്ന്, ഹിന്ദു ജനജാഗ്രുതി സമിതിയുടെ പ്രസിദ്ധീകരണത്തിലൂടെ സംഘപരിവാറിന്റെ സോഷ്യൽ എൻജിനിയറിങ് ഉപയോഗിച്ച് രാജ്യം മൊത്തം പടർത്തി. ആ കാലത്തുതന്നെ ഹൈക്കോടതി നിർദേശത്തിൽ നടത്തിയ അന്വേഷണത്തിൽ വാർത്തയും പ്രചാരണങ്ങളും വ്യാജമാണെന്ന് കണ്ടെത്തി.

ഒരു പതിറ്റാണ്ടു മുമ്പ് വ്യാജമാണെന്ന് കണ്ടെത്തിയ പ്രചാരണം വീണ്ടും പൊടി തട്ടിയെടുത്താണ് കേരള സ്റ്റോറി ഒരുക്കിയത്. മലയാളിക്ക് തീരെ പരിചിതമല്ലാത്ത കേരളമാണ് സിനിമയുടേത്. ഒസാമ ബിൻലാദന്റെ ചുമർചിത്രമുള്ള കാസർകോട്ടെ കോളേജും ഷോപ്പിങ് മാളിൽ സ്ത്രീകൾ ആക്രമിക്കപ്പെടുമ്പോൾ നോക്കിനിൽക്കുന്ന മനുഷ്യരുമെല്ലാമായി ഭീകരവാദികൾ വാഴുന്ന നാടായാണ് ചിത്രീകരിച്ചിരിക്കുന്നത്.

SUNSHINE PICTURES PVT. LTD.
UNCOVERING THE TRUTH THAT WAS KEPT HIDDEN
THE KERALA STORY
IN THEATRES ONLY
5TH MAY 23
HINDI | TAMIL | TELUGU | MALAYALAM

ടിപ്പുസുൽത്താനെ വില്ലനാക്കുന്ന ടിപ്പുവെന്ന സിനിമയാണ് വരാനിരിക്കുന്നത്. പ്രഖ്യാപന വീഡിയോയിൽ ടിപ്പുവിനെ വിശേഷിപ്പിക്കുന്നത് 8000 ക്ഷേത്രവും 27 പള്ളിയും തകർത്ത, 40 ലക്ഷം ഹിന്ദുക്കളെ മതപരിവർത്തനം നടത്തിയശേഷം നിർബന്ധിപ്പിച്ച് ബീഫ് കഴിപ്പിച്ച ആൾ എന്നാണ്. സംഘപരിവാർ കേരള സ്റ്റോറിക്കായി പ്രത്യേക പ്രദർശനങ്ങൾ നടത്തുമ്പോൾ ആ വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ പ്രതിരോധവും ഉയർന്നു. കേരളത്തിന്റെ സാമൂഹ്യ– സാമ്പത്തിക വികസനത്തിന്റെ മാതൃക ഉയർത്തിപ്പിടിച്ച് ധ്രുവ് രതിയുടെ വീഡിയോ കേരളത്തിന്റെ നേർസാക്ഷ്യമായി. സാമൂഹ്യ– സാംസ്കാരിക– രാഷ്ട്രീയ മേഖലയിലെ നിരവധി പേർ സിനിമയെ വിമർശിച്ചും കേരളത്തിന്റെ മികവ് ചൂണ്ടിക്കാട്ടിയും രംഗത്തു വന്നു. എ ആർ റഹ്മാൻ, റസൂൽ പൂക്കുട്ടി, ടൊവിനോ തോമസ് തുടങ്ങിയവർ ഇത് കേരളത്തിന്റെ കഥയല്ലെന്ന് പ്രഖ്യാപിച്ച് പ്രതിരോധത്തിൽ അണിചേർന്നു.